# IV. സബ്മിഷൻ

## (1) റേഷൻ കാർഡ് മസ്റ്ററിങ്

ശ്രീ. ഡി. കെ. മുരളി: സർ, റേഷൻ കാർഡ് മസ്റ്ററിങ് സംബന്ധിച്ചുള്ള ആശങ്കയാണ് ശ്രദ്ധയിൽകൊണ്ടുവരുന്നത്. സംസ്ഥാനത്ത് കേന്ദ്രസർക്കാരിന്റെ നിർദേശപ്രകാരം ആരംഭിച്ച മുൻഗണനാ കാർഡുകളുടെ മസ്റ്ററിങ് നടന്നുവരികയാണ്. മസ്റ്ററിങ്ങിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തിയാക്കി മൂന്നാം ഘട്ടത്തിലേയ്ക്ക് കടന്നിരിക്കുന്നുവെന്നാണ് മനസ്സിലാകുന്നത്. വിവിധ തലങ്ങളിൽ നടത്തിയ ക്യാമ്പുകൾക്കുപുറമെ കിടപ്പുരോഗികൾ ഉൾപ്പെടെയുള്ളവരുടെ വീടുകളിൽ ഉദ്യോഗസ്ഥർ സന്ദർശിച്ച് മസ്റ്ററിങ് നടത്തിയിട്ടുള്ളതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നിലവിൽ നടന്നുവരുന്ന മസ്റ്ററിങ് നടപടികളിലൂടെ അർഹരായ പലർക്കും പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് റേഷൻ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നില്ലായെന്നൊരു പ്രചരണം വ്യാപകമാണ്. മാർച്ച് 31-നശേഷം മസ്റ്ററിങ് നടപടികൾ പൂർത്തിയാക്കാത്തവർക്ക് റേഷൻ ഭക്ഷ്യധാന്യങ്ങൾ നിഷേധിക്കപ്പെടുന്നൊരു സാഹചര്യമുണ്ടാകുമോ; ജോലി ആവശ്യാർത്ഥം വിദേശത്ത്

താമസിക്കുന്നവരെയും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കേരളത്തിന് പുറത്തുതങ്ങുന്നവരെയും എങ്ങനെയാണ് മസ്റ്ററിങ്ങിൽ ഉൾപ്പെടുത്തുന്നത്; മസ്റ്ററിങ് സമയബന്ധിതമായി നടത്താൻ കഴിഞ്ഞില്ലെങ്കിൽ അവരുടെ കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; മസ്റ്ററിങ് പൂർത്തിയാക്കേണ്ട സമയപരിധി നീട്ടണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ? നിലവിൽ എത്ര ശതമാനം പേരുടെ മസ്റ്ററിങ് പൂർത്തിയാക്കിയിട്ടുണ്ട്; മസ്റ്ററിങ് നടത്തിയവർക്ക് റേഷൻ ഭക്ഷ്യധാന്യങ്ങൾ ലഭിക്കാത്ത സാഹചര്യമുണ്ടോ? അർഹരായ മുഴുവൻ പേർക്കും റേഷൻ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നതിന് മസ്റ്ററിങ് നടപടികൾ വിഘാതമാകരുതെന്നാണ് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രസക്തമായൊരു വിഷയമാണ് സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നത്. ജനങ്ങൾക്കിടയിൽ ആശങ്കയുളവാക്കുന്ന പല വാർത്തകളും മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. അർഹരായ ഒരാൾക്കുപോലും

റേഷൻ ഭക്ഷ്യധാന്യങ്ങൾ നിഷേധിക്കാൻ പാടില്ലെന്നതാണ് സംസ്ഥാനസർക്കാരിന്റെ നിലപാട് എന്ന കാര്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട് എൻ.ആർ.കെ. സ്റ്റാറ്റസ് രേഖപ്പെടുത്തുന്നതിന് എന്തെങ്കിലും തരത്തിലുള്ള പിഴവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിച്ച് ഉടൻതന്നെ റേഷൻ വിഹിതം പുനഃസ്ഥാപിച്ച് നൽകുന്നതിനുള്ള ക്രമീകരണം താലൂക്ക് തലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. മസ്റ്ററിങ്ങിന് വിധേയരാകാത്ത ആർക്കുംതന്നെ മാർച്ച് 31-നുശേഷം ഭക്ഷ്യധാന്യങ്ങൾ നൽകാൻ കഴിയില്ല എന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ കർശനമായ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് 2024 സെപ്റ്റംബർ 18 മുതൽ കേരളത്തിൽ മസ്റ്ററിങ് നടപടികൾ ആരംഭിച്ചത്. ഒന്നുംരണ്ടും ഘട്ടങ്ങൾ പിന്നിട്ട് മസ്റ്ററിങ് നടപടികൾ അന്തിമഘട്ടത്തിലാണ്. നാളിതുവരെ 95.83 ശതമാനം മുൻഗണനാ കാർഡ് അംഗങ്ങൾ മസ്റ്ററിങ്ങിന് വിധേയമായിട്ടുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## (2) ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കൽ

ശ്രീ. ആന്റണി ജോൺ: സർ, ഈ സഭയുടെ ശ്രദ്ധയിൽ നേരത്തെ ചോദ്യമായും സബ്മിഷനുകളായും നിരവധിതവണ കൊണ്ടുവന്നിട്ടുള്ള വിഷയമാണിത്. എന്റെ മണ്ഡലത്തിലെ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ഉയർന്ന ഫെയർവാല്യൂ നിരവധി പ്രാവശ്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിനാൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകമായി ഈ വിഷയത്തിൽ ശ്രദ്ധകൊടുക്കുകയും അതിന്റെ നടപടികളെല്ലാം വളരെ വേഗത്തിൽത്തന്നെ മുന്നോട്ടുകൊണ്ടുപോകുകയുമാണ്. സമയക്കുറവുകാരണം മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്ന നടപടികൾ വളരെ വേഗത്തിൽ പൂർത്തീകരിച്ച് കോതമംഗലം മണ്ഡലത്തിലെ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ഉയർന്ന ഫെയർവാല്യൂ അടിയന്തരമായി പുനർനിർണ്ണയിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, കോതമംഗലം താലൂക്കിലെ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില നിർണ്ണയിച്ചിട്ടുള്ളത് അശാസ്ത്രീയമെന്ന് ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്ന വിഷയം തികച്ചും ന്യായമാണ്. ഈ വിഷയം മുമ്പും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിക്കുകയും ഇരമല്ലൂർ വില്ലേജിന്റെ അതിർത്തി പങ്കിടുന്ന സ്ഥലങ്ങൾ വരുന്ന വില്ലേജുകളിലെ ഭൂമിയുടെ ന്യായവിലയും ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ന്യായവിലയും തമ്മിൽ വളരെ അന്തരം നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുള്ളതാണ്. മേൽപ്പടി വിഷയം സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ നിരവധി യോഗങ്ങൾ നടത്തിയിട്ടുള്ളതും 01-06-2024-ലെ യോഗത്തിൽ ഇരമല്ലൂർ വില്ലേജിലെ ന്യായവില 14-08-2018-ലെ സർക്കാർ ഉത്തരവിലെ മാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് പുനർനിർണ്ണയിക്കുന്നതിനുവേണ്ടി നിശ്ചിത കാലപരിധിക്കുള്ളിൽ ശിപാർശ സമർപ്പിക്കാൻ യോഗത്തിൽ തീരുമാനിക്കുകയും ചെയ്തിരുന്നു. തുടർന്ന് കോതമംഗലം തഹസിൽദാർ

സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഇരമല്ലൂർ വില്ലേജിലെ ഭൂമിക്ക് 2010-ൽ നിശ്ചയിച്ച ഫെയർവാല്യുവിനുപകരം പുതുക്കിയ ഫെയർവാല്യൂ നിർണ്ണയിച്ചിട്ടുള്ളതും ഈ വില സമീപ വില്ലേജുകളിലെ ഭൂമിയുടെ ന്യായവിലയുമായി യോജിച്ചുവരുന്നതുമാണ്. ഓരോ സർവെ നമ്പരുകളിലും ഉൾപ്പെട്ടുവരുന്ന കാറ്റഗറികൾക്ക് വില കണക്കാക്കിയിട്ടുള്ളതും ആയത് കമ്പോളവിലയുടെ ആനുപാതികമായി നിശ്ചയിക്കാവുന്നതായി കണ്ടെത്തിയിട്ടുള്ളതുമാണ്. 14-08-2018-ലെ സർക്കാർ ഉത്തരവ് നം. 302/2018-ലെ മാർഗനിർദേശങ്ങൾക്ക് അനുസൃതമായി അടിയന്തര പ്രാധാന്യത്തോടെ ഈ വിഷയത്തിൽ എറണാകുളം ജില്ലാ കളക്ടർ നടപടി സ്വീകരിച്ചുവരുന്നതും അഞ്ചുവർഷത്തിലൊരിക്കൽ ഫെയർവാല്യൂ പുതുക്കി നിശ്ചയിക്കാനുള്ള റവന്യൂ ഡിവിഷണൽ ഓഫീസറുടെ അധികാരം വിനിയോഗിച്ച് രണ്ടാഴ്ചക്കുള്ളിൽ ഫെയർവാല്യൂ പുതുക്കി നിശ്ചയിക്കാനുള്ള നടപടിയുമായി മുന്നോട്ടുപോകുന്നതാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, അദ്ദേഹത്തിന്റെ പാർട്ടിയുടെ പ്രധാന നേതാവിന്റെ ആകസ്മിക

നിര്യാണത്തെത്തുടർന്ന് ഇന്നുണ്ടാകില്ല എന്ന് ചെയറിനെ അറിയിച്ചിരുന്നു. P

(3) ഏനാദിമംഗലം ബയോ മെഡിക്കൽ സംസ്കരണ പ്ലാന്റ്

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഏനാദിമംഗലം ഇളമണ്ണൂർ കിൻഫ്ര പാർക്കിൽ വ്യവസായ യൂണിറ്റുകൾ മാത്രം ആരംഭിക്കാൻ നിശ്ചയിച്ചിട്ടുള്ള കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഐ.എം.എ.-യുടെ നേതൃത്വത്തിൽ ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻവേണ്ടി കിൻഫ്രയുടെ ബോർഡ് അനുമതി നൽകിയിരിക്കുകയാണ്. അവിടെ ആയിരക്കണക്കിന് കോടി രൂപയുടെ നിക്ഷേപം നടത്തിയിട്ടുള്ള വ്യവസായികളെ സംബന്ധിച്ചിടത്തോളം വലിയ പ്രതിസന്ധിയാണ് ഇത് സൃഷ്ടിച്ചിട്ടുള്ളത്. നിരവധി ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെ അവിടെ പ്രവർത്തിക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിലേയ്ക്കുൾപ്പെടെ കയറ്റുമതി ചെയ്യുന്നുണ്ട്. വിപ്രോ, റിലയൻസ്, ഫ്ലിപ്കാർട്ട് എന്നിങ്ങനെയുള്ള വൻകിട കമ്പനികൾ ഇവിടെനിന്നും സംരംഭങ്ങൾ ശേഖരിക്കുന്നുണ്ട്. അവരെ സംബന്ധിച്ചിടത്തോളം വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ

കിൻഫ്രയുടെ ബോർഡ് ഒരു പുനർചിന്തനം നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ കിൻഫ്ര വ്യവസായ യൂണിറ്റിൽ ഐ.എം.എ. ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റിനുവേണ്ടി വർഷങ്ങൾക്കുമുമ്പ് മൂന്നേക്കർ സ്ഥലമെടുത്തിരുന്നു. അവിടത്തെ സംരംഭകരും ജനപ്രതിനിധികളും ആശങ്ക അറിയിച്ചു. State Environment Impact Assessment Authority, അവരുടെ പബ്ലിക് ഹിയറിങ്ങിൽ ഈ ആശങ്കകളെല്ലാം കേട്ടിരുന്നു. പക്ഷെ ഇപ്പോൾ SEIAA അനുമതി കൊടുത്തിട്ടുണ്ട്. പ്ലാന്റുമായി ബന്ധപ്പെട്ട് മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയതുപോലെ അവിടെയുള്ള ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രീസ് ലോകത്തിന്റെ പല വിപണിയിലേയ്ക്കും ഉൽപന്നങ്ങൾ അയയ്ക്കുന്നുണ്ട്. അവരുടെ മാനദണ്ഡങ്ങൾക്ക് എതിരായിട്ടുള്ള മറ്റൊന്നുംതന്നെ അവിടെ അനുവദിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നില്ല. പൊതുജനങ്ങളുടെയും വ്യവസായ സംരംഭകരുടെയും

ജനപ്രതിനിധികളുടെയും ആശങ്കകൾ പരിഗണിച്ചുകൊണ്ടുമാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ.

(4) കൂടൽമാണിക്യം ക്ഷേത്രത്തിലെ കഴകം തസ്തികയിലെ ജാതി വിവേചനം

ശ്രീ. എ. പി. അനിൽ കുമാർ: സർ, കൂടൽമാണിക്യം ക്ഷേത്രത്തിലെ ജാതി വിവേചനവുമായി ബന്ധപ്പെട്ട കാര്യം ഇന്നത്തെയൊരു ദിവസം അവതരിപ്പിക്കേണ്ടിവന്നതിൽ ഏറെ പ്രയാസമുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ മഹാത്മജിയും ശ്രീനാരായണഗുരുദേവനും ഒരുനൂറ്റാണ്ടുമുമ്പാണ് സാമൂഹ്യമുന്നേറ്റത്തിനുവേണ്ടി കൂടിക്കാഴ്ച നടത്തിയത്. ഒരുനൂറ്റാണ്ട് പിന്നിട്ടിട്ടും ഇത്തരമൊരു സാഹചര്യമുണ്ടായി എന്നത് കേരളം പോലുള്ളൊരു സംസ്ഥാനത്തിന് അങ്ങേയറ്റം അപമാനകരമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 17 അനുസരിച്ച് അൺടച്ചബിലിറ്റി എല്ലാ അർത്ഥത്തിലും നിരോധിക്കുകയും അതുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യങ്ങൾ വന്നുകഴിഞ്ഞാൽ അത് കേസെടുക്കേണ്ടതുമാണെന്ന് നമുക്കറിയാം. ഇവിടത്തെ സാഹചര്യമെന്നുപറയുന്നത്, ഇവിടത്തെ തന്ത്രിമാർ ഒരു പരാതി നൽകിയാൽ ഗവൺമെന്റിന്റെ ഭാഗമായ ദേവസ്വം ബോർഡിന്റെ

മാനേജർതന്നെ അതിന്റെ അടിസ്ഥാനത്തിൽ അവിടെ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഒരു യുവാവിനെ മാറ്റുകയാണ്. എന്റെ പ്രധാനപ്പെട്ട ആക്ഷേപമെന്നുപറയുന്നത്, ഏതെങ്കിലും രീതിയിൽ പരാതി വന്നുകഴിഞ്ഞാൽ പരാതി നൽകിയവർക്കെതിരെ നടപടിയെടുക്കേണ്ട ദേവസ്വം ബോർഡ് ഇവിടെ പരാതിക്ക് അനുകൂലമായി നിൽക്കുകയും ഈ ജീവനക്കാരനെ സ്ഥലംമാറ്റുകയും ചെയ്തിരിക്കുകയാണ്. ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ ഈ നടപടി അങ്ങേയറ്റം തെറ്റാണ്. ഇതുമായി ബന്ധപ്പെട്ട് ആ ക്ഷേത്രത്തിൽ ശുദ്ധികലശം നടന്നുവെന്നുപറയുന്നു. അങ്ങനെ നടന്നിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട ആളുകൾ ചെയ്തതും അങ്ങേയറ്റം തെറ്റാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തുനിലപാടാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഇതുസംബന്ധിച്ച് ധനാഭ്യർഥന ചർച്ചാവേളയിൽ സർക്കാർ നിലപാട് കൃത്യമായി വ്യക്തമാക്കിയതാണ്. ബഹുമാനപ്പെട്ട അംഗം പ്രസ്തുത വിഷയം ഉന്നയിച്ചതുകൊണ്ട് വീണ്ടും അതിന്റെ ഉള്ളടക്കം പറയുകയാണ്. കൂടൽമാണിക്യം ദേവസ്വം ആക്റ്റും റെഗുലേഷൻസും പ്രകാരം ക്ഷേത്രത്തിലെ

കഴകം ജോലികൾ നിർവഹിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ വ്യക്തമായ നിർദേശങ്ങളും ഉത്തരവുകളും കാലാകാലങ്ങളിൽ നൽകിയിട്ടുണ്ട്. കഴകം തസ്തികയിലെ ഉദ്യോഗസ്ഥരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് 2003-ൽ പുറപ്പെടുവിച്ച റെഗുലേഷനിലെ നാലാം ഖണ്ഡികപ്രകാരം രണ്ട് കഴകം തസ്തികകളാണ് നിലവിലുള്ളത്. പ്രസ്തുത തസ്തികകളിലെ നിയമനം എങ്ങനെയായിരിക്കണമെന്ന് റെഗുലേഷൻ നാലാം ഖണ്ഡികപ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദേശപ്രകാരം 1025 + ഡി.എ. ശമ്പള സ്കെയിലിലുള്ള കഴകം തസ്തികയിലേക്ക് പാരമ്പര്യമായി തന്ത്രി നിർദേശിക്കുന്ന വ്യക്തിയേയും 1300-1880 ശമ്പള സ്കെയിലിലുള്ള കഴകം തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം വഴി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുമുഖേന നിയമിക്കുന്നതിനുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഒന്നാമത്തെ ശമ്പള സ്കെയിൽപ്രകാരമുള്ള ഉദ്യോഗസ്ഥൻ നിലവിൽ കൂടൽമാണിക്യം ക്ഷേത്രത്തിലെ സേവനത്തിലില്ല. പ്രസ്തുത ജോലികൾ തന്ത്രിമാരുടെ നിർദേശം അനുസരിച്ച് താൽക്കാലിക ജീവനക്കാരെ നിയമിച്ചാണ് നിർവഹിച്ചുവരുന്നത്. രണ്ടാമത്തെ കഴകം തസ്തികയിലേക്ക് 24-02-2025-ൽ ദേവസ്വം റിക്രൂട്ട്മെന്റ്

ബോർഡുമുഖേന നിയമിതനായ ശ്രീ. ബാലു ബി. എ. എന്ന വ്യക്തി കഴകം ജോലി ചെയ്യുന്നതിലാണ് തന്ത്രിമാർ വിയോജിപ്പ് രേഖപ്പെടുത്തിയത്. കൂടൽമാണിക്യം ദേവസ്വം എംപ്ലോയീസ് റെഗുലേഷൻസ് ആക്റ്റ് നാലാം ഖണ്ഡികപ്രകാരം രണ്ടാം കഴകം തസ്തികയിലേക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമിതനായ വ്യക്തിതന്നെ അവിടെ നിഷ്കർഷിക്കുന്ന ജോലി നിർവഹിക്കണമെന്നാണ് സർക്കാർ നിലപാട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിന് കൂടൽമാണിക്യം ദേവസ്വം ചെയർമാനും മുന്നോട്ടുവന്നിട്ടുണ്ട്. അക്കാര്യത്തെ സംബന്ധിച്ച് ദേവസ്വം ബോർഡ് അല്ല അഡ്മിനിസ്ട്രേറ്ററാണ് ആ വ്യക്തിയെ ഒ.എ.-യാക്കി മാറ്റിയത്. അക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പിനോട് നടപടി സ്വീകരിക്കാൻ നിർദേശിച്ചിട്ടുണ്ട്. ഇത് ചെയ്തത് ചെയർമാൻ അല്ല അഡ്മിനിസ്ട്രേറ്ററാണ്. ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

### (5) കൊട്ടിയൂർ-അമ്പായത്തോട് പാത നിർമ്മാണം

ശ്രീ. സണ്ണി ജോസഫ്: സർ, കണ്ണൂർ, വയനാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചുരംരഹിത പാത കൊട്ടിയൂർ പഞ്ചായത്തിലെ അമ്പായത്തോടിൽ ആരംഭിച്ച് മാനന്തവാടി നിയോജകമണ്ഡലത്തിലെ

തവിഞ്ഞാൽ പഞ്ചായത്തിലെ നാൽപ്പത്തിനാലാം മൈലിൽ എത്തിച്ചേരുന്ന പാതയാണ്. പ്രസ്തുത പദ്ധതി നടപ്പായാൽ വളവും ചുരവും ദൂരവും കുറയ്ക്കാൻ സാധിക്കും. ഈ പദ്ധതി വർഷങ്ങളായി ഞങ്ങൾ ആവശ്യപ്പെടുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കും നിരവധി അപേക്ഷകൾ നൽകിയിരുന്നു. പ്രസ്തുത വിഷയം നിയമസഭയിൽത്തന്നെ നേരത്തെ സബ്മിഷനായി ഉന്നയിച്ചതുമാണ്. കഴിഞ്ഞ ദിവസം ജനങ്ങൾ വിപുലമായ ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഈ ആവശ്യം ശക്തിപ്പെടുത്തിയിരിക്കുകയാണ്. ചുരംരഹിത പാതയ്ക്ക് വനഭൂമി ആവശ്യമാണ്. കൊട്ടിയൂർ വന്യജീവി സങ്കേതത്തിലൂടെ വേണം ഈ പാത കുറച്ചുദൂരം കടന്നുപോകാൻ. നേരത്തെ അവിടെ ഗ്രാമീണ റോഡ് ഉണ്ടായിരുന്നതാണ്. വനഭൂമി ലഭ്യമാക്കാൻ ആവശ്യമായ അപേക്ഷ നൽകണമെങ്കിൽ യൂസർ ഏജൻസിയെ നിയോഗിക്കണം. അതിന് പി.ഡബ്ല്യൂ.ഡി.-യുടെ റോഡ് വിങ്ങിന് മാത്രമെ യൂസർ ഏജൻസിയായി അതിന്റെ ആപ്ലിക്കേഷൻ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് യൂസർ ഏജൻസിയെ നിയോഗിച്ച് കൊട്ടിയൂർ-നാൽപ്പത്തിനാലാം മൈൽ

ചുരംരഹിത പാത യാഥാർത്ഥ്യമാക്കാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കണ്ണൂർ, വയനാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചുരംരഹിത പാത നിർമ്മിക്കണമെന്നതാണ് ബഹുമാന്യനായ സണ്ണി ജോസഫ് എം.എൽ.എ. സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന ഘട്ടത്തിൽ ശ്രീ. ഒ. ആർ. കേളുവും വയനാട്ടിലെയും കണ്ണൂരിലെയും വിവിധ രാഷ്ട്രീയ നേതാക്കളും ഇതിന്റെ സാധ്യത പരിശോധിക്കാൻ ആവശ്യപ്പെട്ടിരുന്നു. നിർദിഷ്ട എയർപോർട്ട് കണക്റ്റിവിറ്റി റോഡിന്റെയും മലയോര ഹൈവെയുടെയും ഭാഗമായി വരുന്ന റോഡിന് ബദലായി ചുരം ഒഴിവാക്കിക്കൊണ്ടുള്ള റൂട്ടുകൾ സംബന്ധിച്ച പരിശോധന നേരത്തെ പൊതുമരാമത്ത് വകുപ്പ് നടത്തിയിരുന്നു. കിഫ്ബിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറും മറ്റ് ഉദ്യോഗസ്ഥരും അവിടെയെത്തുകയും ഇതിന്റെ സാധ്യത പരിശോധിക്കുകയും ചെയ്തു. തുടർന്ന് കിഫ്ബി സി.ഇ.ഒ.-യുടെ നേതൃത്വത്തിൽ മുതിർന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് ഈ വിഷയം

പരിശോധിച്ചപ്പോൾ കൂടുതൽ വനഭൂമി ലഭ്യമാക്കേണ്ടിവരുന്ന സാഹചര്യമുണ്ടെന്നാണ് വിലയിരുത്തിയത്. ഇവിടത്തെ ഇതര പാതകളെ സംബന്ധിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും കെ.ആർ.എഫ്.ബി., കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്ന് തയ്യാറാക്കിയ റിപ്പോർട്ട് കിഫ്ബിയുടെ പരിശോധനയിലാണുള്ളത്. ഈ ചുരംരഹിത പാത യാഥാർത്ഥ്യമാക്കുന്ന കാര്യത്തിൽ വനം വകുപ്പിന്റെ കൂടി സഹായം പൊതുമരാമത്ത് വകുപ്പ് തേടുന്നതാണ്. വനഭൂമി വിട്ടുകിട്ടുവാനുള്ള നടപടിക്രമങ്ങൾ കുറെയേറെ പൂർത്തിയാക്കാനുണ്ടെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അറിയാവുന്ന കാര്യമാണ്. അതിനുള്ള സാധ്യതകൾ പരിശോധിക്കുമ്പോൾ തന്നെ സമാന്തരമായ റോഡിന്റെ വികസനംകൂടി സാധ്യമാക്കാം. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ഇക്കാര്യം ഉൾപ്പെടെ സംസാരിച്ച് ഒരു തീരുമാനത്തിലെത്താൻ പരിശ്രമിക്കാം. നൊട്ടംപൊയിൽ-മാനന്തവാടി-പെരിയ ചുരം പാത നേരത്തെ തകർന്നതുമൂലം റോഡ് അടച്ചിടുന്ന സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ റോഡ് തുറന്നുകൊടുത്തിട്ടുണ്ട്. അതിന്റെ പ്രവൃത്തികൾ ഏറെക്കുറെ പൂർത്തിയായി വരുന്നുണ്ട്.

(6) തിരൂർക്കാട്-ആനക്കയം, കുളത്തൂർ-മലപ്പുറം റോഡ് നവീകരണം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തിരൂർക്കാട്-ആനക്കയം റോഡ്, കുളത്തൂർ-മലപ്പുറം റോഡ് എന്നിവ ഏറെക്കാലമായി ശോചനീയാവസ്ഥയിൽ ആയതിനാൽ ഇതുവഴിയുള്ള യാത്ര വളരെ ദുഷ്കരമാണ്. ഈ റോഡുകൾ ഏറ്റവും അവസാനം ബി.എം. & ബി.സി. ചെയ്തത് ഏകദേശം 14 വർഷങ്ങൾക്ക് മുമ്പാണ്. റോഡിൽ രൂപപ്പെട്ടിട്ടുള്ള വലിയ കുഴികൾ കാരണം അതിതീവ്ര മഴയിൽ റോഡുകളുടെ പല ഭാഗങ്ങളും തകർന്നതുമൂലം ആർ.സി. പ്രവൃത്തിയിൽ മാത്രം ഈ റോഡുകൾ ഗതാഗത യോഗ്യമാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. തിരൂർക്കാട്-ആനക്കയം റോഡിന് ഏകദേശം 18 കോടി രൂപയും കുളത്തൂർ-മലപ്പുറം റോഡിന് 10 കോടി രൂപയുമാണ് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്. ഈ വർഷത്തെ ബജറ്റിൽ മുൻഗണന പട്ടികയിൽ ഏറ്റവും ആദ്യത്തെ രണ്ട് ശിപാർശകളായാണ് ഈ റോഡുകളുടെ പുനരുദ്ധാരണത്തിന് ഫണ്ട് വകയിരുത്താൻ ഞാൻ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ, ആകെ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. കിഫ്ബിയിൽ

പുതിയ ശിപാർശകളൊന്നും സമർപ്പിക്കേണ്ടയെന്നാണ് ധനകാര്യ വകുപ്പ് പറയുന്നത്. അഞ്ച് കോടി രൂപയിലധികം വരുന്ന പദ്ധതികൾ ബജറ്റിൽ വകയിരുത്തിയാലും നടപ്പാക്കുന്നില്ല. പിന്നെ എങ്ങനെയാണ് പൊതുമരാമത്ത് റോഡുകൾ നവീകരിക്കുന്നത്. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പ് ഈ റോഡുകൾ ബി.എം. & ബി.സി. ചെയ്ത് നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തിരൂർക്കാട്-ആനക്കയം, കുളത്തൂർ-മലപ്പുറം റോഡുകൾ നവീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി എം.എൽ.എ. സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. ഈ രണ്ട് റോഡുകളും റണ്ണിങ് കോൺട്രാക്റ്റിൽ ഉൾപ്പെടുത്തി പരിപാലിച്ചുവരുന്നവയാണ്. എന്നാൽ ബി.എം. & ബി.സി. നിലവാരത്തിൽ റോഡുകൾ നവീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. രണ്ട് റോഡുകളുടെയും നവീകരണത്തിന് 36 കോടിയോളം രൂപ ആവശ്യമായിവരുമെന്നാണ് കണക്കാക്കുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി ഇത്

സാധ്യമാക്കാൻ ആകുമോയെന്ന കാര്യം പരിശോധിക്കാം. മങ്കട നിയോജകമണ്ഡലത്തിലെ ഇത്തരം പ്രവൃത്തികൾ പൂർത്തിയാക്കാൻ ഉയർന്ന പരിഗണനതന്നെ നൽകാറുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്കും അക്കാര്യം അറിയാവുന്നതാണ്. ആ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡായ അങ്ങാടിപ്പുറം-വളാഞ്ചേരി റോഡിന്റെ നവീകരണത്തിന് പൊതുമരാമത്ത് വകുപ്പ് കാര്യമായ ഇടപെടലുകൾതന്നെ നടത്തിയതാണ്. ഏറെക്കുറെ 15 കോടിയിലധികം രൂപയാണ് വിവിധ സ്ട്രെച്ചുകൾക്കായി അനുവദിച്ച് അത് പൂർത്തിയാക്കിയത്. അതുപോലെ തന്നെ ഈ റോഡുകളുടെ കാര്യത്തിലും എന്ത് ചെയ്യാനാകുമെന്ന കാര്യം പരിശോധിക്കാം.

(7) <u>നിള-പട്ടാമ്പി-ഐ.പി.റ്റി.-കുളപ്പുള്ളി റോഡിലെ റെയിൽവെ മേൽപ്പാലം</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, പട്ടാമ്പി നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് വാടാനാംകുറിശ്ശി മേൽപ്പാലം. ഈ മേൽപ്പാലത്തിന്റെ പ്രവൃത്തി ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ തമിഴ്നാട് ആസ്ഥാനമായ കമ്പനിയാണ് ഏറ്റെടുത്തിട്ടുള്ളത്. പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാതെ, വളരെ കുറച്ച് ജോലിക്കാരെ

നിയോഗിച്ച് ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഫില്ലുചെയ്ത് കയറ്റേണ്ട ഭാഗത്തുകൂടിയാണ് വാഹനങ്ങൾ പോകുന്നത്. അത് ജനങ്ങൾക്ക് വലിയ പ്രയാസമാണ് സൃഷ്ടിക്കുന്നത്. അപ്രോച്ച് റോഡിനുവേണ്ടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നേരിട്ട് ഇടപെട്ടിട്ടാണ് ഒരു ഭാഗത്തെ നിർമ്മാണം നടത്തിയിട്ടുള്ളത്. മറുഭാഗത്തും അപ്രോച്ച് റോഡ് നിർമ്മിച്ചിട്ട് വളരെ വേഗത്തിൽ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. എന്നാൽ കരാറുകാരൻ ജനങ്ങളോടുള്ള വെല്ലുവിളി എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. ഒരുതരത്തിലും കൂടുതൽ ജോലിക്കാരെ നിയോഗിക്കുന്നില്ല. ആർ.ബി.ഡി.സി.കെ.-യുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുന്നില്ല. ഒന്നുകിൽ ആ കരാറുകാരനെതിരെ നടപടി സ്വീകരിക്കണം. അല്ലെങ്കിൽ സമയബന്ധിതമായി പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്നുകൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വാടാനാംകുറിശ്ശി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മുഹമ്മദ് മുഹസിൻ

എം.എൽ.എ.-യുടെ സബ്മിഷൻ. 'ലെവൽ ക്രോസ്സില്ലാത്ത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വാടാനാംകുറിശ്ശി റെയിൽവേ മേൽപ്പാലം പദ്ധതിക്ക് അനുമതി നൽകിയത്. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് ഈ മേൽപ്പാലം നിർമ്മിക്കുന്നത്. 16 സ്പാനുകളുള്ള മേൽപ്പാലത്തിന്റെ 15 സ്പാനുകളുടെ സ്ലാബ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. റെയിൽവേ പോർഷനാണ് ഇനി പൂർത്തീകരിക്കാനുള്ളത്. റെയിൽവേ പോർഷന്റെ നിർമ്മാണം അവർ നേരിട്ടാണ് നിർവഹിക്കുന്നത്. അതിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ഒരു വശത്തെ റീട്ടെയിനിങ് വാളിന്റെ നിർമ്മാണം ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. സർവീസ് റോഡിന്റെ നിർമ്മാണവും പൂർത്തിയാക്കി. മറുവശത്തെ റീട്ടെയിനിങ് വാൾ, സർവീസ് റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. റെയിൽവേ സ്പാനിന്റെ വർക്കുകൾ മാർച്ച് അവസാനത്തോടെ പൂർത്തിയാക്കാനാകുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. ഇപ്പോഴത്തെ നിലയിൽ ഏപ്രിലിൽ മേൽപ്പാലം ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കരാറുകാരനുമായി

ബന്ധപ്പെട്ട വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. ഇനിയും ഇടപെടാമെന്നത് സഭയെ അറിയിക്കുകയാണ്.

(8) പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ബഹുമാന്യനായ ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയും ശ്രീ. എ. പി. അനിൽ കുമാർ വകുപ്പുമന്ത്രിയും ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യും ആയിരിക്കുമ്പോഴാണ് സാമൂഹ്യ വിദ്യാഭ്യാസ നവോത്ഥാനത്തിന്റെ ഭാഗമായി രാജ്യത്തെ ആദ്യത്തെ പട്ടികജാതി/പട്ടികവർഗ്ഗ മെഡിക്കൽ കോളേജ് പാലക്കാട് ആരംഭിക്കുന്നത്. ഏതാണ്ട് 25 ലക്ഷത്തോളം ജനങ്ങൾ ആശ്രയിക്കുന്ന മെഡിക്കൽ കോളേജിനെ സാങ്കേതികത്വത്തിന്റെ ചുവപ്പുനാടയിൽ കൊല്ലുകയാണ് ഈ സർക്കാർ. 500 ബെഡ്ഡുകളുള്ള ഒരു മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലാക്കാനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരുടെയോ നഴ്സുമാരുടെയോ പാരാമെഡിക്കൽ ജീവനക്കാരുടെയോ നിയമനം നടക്കുന്നില്ല. ആകെയുള്ള ജീവനക്കാർപോലും താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. മെഡിക്കൽ കോളേജുണ്ടായിട്ടും

നെഞ്ചുവേദനവന്നാൽപ്പോലും കോയമ്പത്തൂരിലെ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യത്തിലാണ് അവിടെയുള്ള ജനങ്ങൾ. കെടുകാര്യസ്ഥതമൂലം അവിടെ പൊലിയുന്ന ജീവനുകൾക്ക് ഉത്തരവാദി ഈ സർക്കാരാണ്. മെഡിക്കൽ കോളേജിൽ അടിയന്തരമായിതന്നെ കാഷ്വാലിറ്റി, എമർജൻസി ഓപ്പറേഷൻ തിയേറ്റർ എന്നിവ ആരംഭിക്കണം. സി.ടി., എം.ആർ.ഐ. മെഷീനുകൾ വാങ്ങണം. മോർച്ചറി, പോസ്റ്റ്മോർട്ടം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. കൂടുതൽ സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കണം. അനുവദിക്കപ്പെട്ടിട്ടുള്ള സെൻട്രൽ ലബോറട്ടറി, ഹൗസ് സർജൻസ് ക്വാർട്ടേഴ്സ്, കിച്ചൺ, മെസ്സ്, ഡൈനിങ് ഹാൾ എന്നിവയുടെ നിർമ്മാണം ആരംഭിക്കണം. പുതിയ ഹോസ്റ്റൽ ബ്ലോക്ക്, ആധുനിക ആഡിറ്റോറിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കേണ്ടതായുണ്ട്. ഐ.പി., ഒ.പി. സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായുണ്ട്. വകയിരുത്തിയതും ചെലവഴിച്ചതുമായ കോടിക്കണക്കിന് രൂപയ്ക്കപ്പുറം ജനങ്ങൾക്ക് എത്രമാത്രം പ്രയോജനം ഇതുകൊണ്ടുണ്ടായി ......(മൈക്ക് ഓഫ്)

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, പാലക്കാട് മെഡിക്കൽ കോളേജിന്റെ ഡി.പി.ആർ.-ൽ ഉൾപ്പെട്ട അക്കാദമിക് ബിൽഡിംഗ്, ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഹോസ്റ്റലുകൾ, ചുറ്റുമതിൽ നിർമ്മാണം, ഭൂഗർഭജല സംഭരണി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഹോസ്പിറ്റൽ ബിൽഡിംഗ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 2021 മുതൽ ടി കോളേജിൽ ഒ.പി. സൗകര്യം ആരംഭിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച ഹോസ്പിറ്റൽ വാർഡ് ബ്ലോക്കിൽ 2024 മാർച്ച് 12 മുതൽ 120 കിടക്കകളോടുകൂടിയ ഐ.പി. സൗകര്യം സജ്ജീകരിച്ചു. ഫയർ എൻ.ഒ.സി. ലഭ്യമായതോടുകൂടി അത്യാഹിത വിഭാഗം ഉൾപ്പെടെ പൂർണ്ണതോതിലുള്ള പ്രവർത്തനം സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 13 ഡിപ്പാർട്ടുമെന്റുകൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഐ.സി.യു., ഓപ്പറേഷൻ തിയേറ്റർ എന്നിവ സജ്ജമാക്കി. ലാബോറട്ടറി, ഫാർമസി എന്നിവ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. നിലവിൽ ടി മെഡിക്കൽ കോളേജിൽ ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ് എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

2023-24-ൽ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു നഴ്സിംഗ് കോളേജും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതുവരെ അഞ്ച് ബാച്ചുകളിലായി 500 വിദ്യാർഥികൾ പഠനം പൂർത്തീകരിക്കുകയും നിലവിൽ അഞ്ച് ബാച്ചുകളിലായി അഞ്ഞൂറ് വിദ്യാർഥികൾ പഠനം നടത്തിവരികയുമാണ്. വിദ്യാർഥികൾ പാലക്കാട് ജില്ലാ ആശുപത്രിയുടെ സൗകര്യങ്ങൾ, ടീച്ചിങ് ഹോസ്പിറ്റൽ എന്ന നിലയിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിൽ മെച്ചപ്പെട്ട വിജയശതമാനമാണുള്ളത്. നാല് ഡിപ്പാർട്ടുമെന്റുകളിൽ പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകൾ ആരംഭിച്ചു. ആറ് പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സുകൾകൂടി ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഇതുസംബന്ധിച്ച വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു+.

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.